ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 18.10.2026 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. പശ്ചിമ ബംഗാളിൽ ദുർഗ്ഗാ പൂജ പന്തലിലുണ്ടായ തിക്കിലും തിരക്കിലും 19 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അഗാധ ദുഃഖം രേഖപ്പെടുത്തി. സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യുന്നതിനായി ഉന്നതതല സമിതി രൂപീകരിക്കും.

**The President, Vice President, and Prime Minister have expressed deep grief over the incident in West Bengal where 19 people died in a stampede at a Durga Puja pandal. A high-level committee will be formed to review security arrangements.**

2. കാൻസർ രോഗങ്ങൾക്കുള്ള 137 നോൺ-ഷെഡ്യൂൾഡ് മരുന്നുകളുടെ ചില്ലറ വിൽപന വിലയിൽ കുറവു വരുത്തി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി.

**The National Pharmaceutical Pricing Authority has reduced the retail prices of 137 non-scheduled medicines used for cancer treatment.**

3. ഖേത് ബച്ചാവോ അഭിയാൻ പ്രചാരണത്തിൽ കർഷകരുടെയും ശാസ്ത്രജ്ഞരുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ട് കേന്ദ്രമന്ത്രി ശിവ്‌രാജ് സിങ് ചൗഹാൻ

**Union Minister Shivraj Singh Chouhan has urged states to ensure the active participation of farmers and scientists in the 'Khet Bachao Abhiyan'.**

4. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സംസ്ഥാന സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ

**Chief Minister V.D. Satheesan stated that the state government will take stringent measures to ensure the timely completion of projects.**

5. തൊഴിലില്ലായ്മ, ജീവിതച്ചെലവിലെ വർധന തുടങ്ങിയ വിഷയങ്ങൾ ഉയർത്തിക്കാട്ടി യൂറോപ്യൻ രാജ്യങ്ങളിൽ പ്രതിഷേധം രൂക്ഷം.

**Protests have intensified across European nations, with demonstrators highlighting issues such as unemployment and the rising cost of living.**

6. അഞ്ചാമത് ഏഷ്യൻ പാരാ ഗെയിംസിന് ഇന്ന് ജപ്പാനിൽ തുടക്കം.

**The 5th Asian Para Games begin today in Japan.**

*@@@@@@@@@@@@@@@*

## HEADLINES-1

**WEST BENGAL – STAMPEDE**

പശ്ചിമ ബംഗാളിൽ ദുർഗ്ഗാ പൂജ പന്തലിലുണ്ടായ തിക്കിലും തിരക്കിലും 19 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അഗാധ ദുഃഖം രേഖപ്പെടുത്തി. വടക്കൻ കൊൽക്കത്തയിലെ ചോർബഗാനിൽ മഹാ സപ്തമി ആഘോഷങ്ങൾക്കിടയിലായിരുന്നു അപകടം.

25 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

@@@@@@@@@@@@@@@

**WEST BENGAL CM ( INTRO)**

***കൊൽക്കത്തയിലെ ദുർഗാ പൂജ പന്തലിലുണ്ടായ അപകടത്തെ തുടർന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സ്ഥിതിഗതികൾ വിലയിരുത്തി. പശ്ചിമ ബംഗാളിലുടനീളമുള്ള ദുർഗ്ഗാ പൂജ പന്തലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യുന്നതിനായി ഉന്നതതല സമിതി രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി സുവേന്ദു അധികാരി പ്രഖ്യാപിച്ചു. പന്തലുകളുടെ രൂപകൽപ്പനയ്ക്കും മനോഹാരിതയ്ക്കും ഉപരിയായി പൊതുജന സുരക്ഷയ്ക്കാണ് മുൻഗണന നൽകേണ്ടതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായവും സർക്കാർ ജോലിയും നൽകുമെന്നും ശ്രീ. സുവേന്ദു അധികാരി പറഞ്ഞു.***

***( വോയിസ്-മുഖ്യമന്ത്രി സുവേന്ദു അധികാരി)***

@@@@@@@@@@@@@@@

**SC PROTEST PORTAL**

2026 ജൂലൈയിൽ ഡൽഹി ജന്തർ മന്തറിലും സമീപപ്രദേശങ്ങളിലും ഉണ്ടായ സംഘർഷങ്ങളെക്കുറിച്ച് പരാതികളും നിവേദനങ്ങളും സമർപ്പിക്കാൻ പുതിയ വെബ് പോർട്ടൽ സജ്ജമാക്കി. സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയാണ് hpec.nic.in എന്ന പോർട്ടൽ സജ്ജമാക്കിയത്. അക്രമത്തിനു വിധേയരായ ജനങ്ങൾക്കും പൊലീസുകാർക്കും വിവരങ്ങളും പരാതികളും

പോർട്ടൽ വഴി നൽകാം. പോർട്ടലിന് പുറമെ, നേരിട്ടോ തപാൽ വഴിയോ ഇ-മെയിൽ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

സുപ്രീം കോടതി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും സമിതി പരിശോധിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

@@@@@@@@@@@@@@@

**RAJNATH - SCO TAJIKISTAN**

ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-ാമത് ഭരണ സമിതി യോഗത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുക്കും. താജിക്കിസ്ഥാനിലെ ദുഷാൻബെയിൽ നാളെയാണ് യോഗം ആരംഭിക്കുക. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, നിക്ഷേപം, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളിൽ SCO അംഗരാജ്യങ്ങൾ തമ്മിലുള്ള ബഹുമുഖ സഹകരണം ശക്തിപ്പെടുത്തുകയാണ് രണ്ടു ദിവസത്തെ യോഗം ലക്ഷ്യമിടുന്നത്.

@@@@@@@@@@@@@@@

# HEADLINES-3

**CHOUHAN-KHET BACHAO ABHIYAN**

കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രി ശിവ്‌രാജ് സിങ് ചൗഹാൻ ഖേത് ബച്ചാവോ അഭിയാന്റെ ഒരുക്കങ്ങൾ വിലയിരുത്തി. ഈ മാസം 22 മുതൽ അടുത്ത മാസം 30 വരെയാണ് പ്രചാരണം നടക്കുന്നത്. പ്രചാരണത്തിൽ, കർഷകരുടെയും കാർഷിക ശാസ്ത്രജ്ഞരുടെയും ജില്ലാ ഭരണകൂടങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ സംസ്ഥാനങ്ങളോട് മന്ത്രി ആവശ്യപ്പെട്ടു.

@@@@@@@@@@@@@@@

# HEADLINES-2

**ANTI-CANCER DRUG**

അർബുദ രോഗങ്ങൾക്കുള്ള, 137 മരുന്നുകളുടെ ചില്ലറ വിൽപ്പന വില കുറയ്ക്കുന്നതിന് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നടപടി സ്വീകരിച്ചു. Non scheduled മരുന്നുകളുടെ വില സംബന്ധിച്ചാണ് നടപടി. കാൻസർ ചികിത്സ താങ്ങാനാവുന്നതാക്കുക, മരുന്നുകളുടെ ലഭ്യത മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യം. മരുന്നുകളുടെ വിലയിൽ 70 ശതമാനം

വരെ കുറവു വരുത്താൻ ഈ നീക്കം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുക്കിയ വില അടുത്ത മാസം 9 മുതൽ പ്രാബല്യത്തിൽ വരുമെന്ന് കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയം അറിയിച്ചു.

@@@@@@@@@@@@@@@

**CAQM-REPORT**

ഡൽഹിയിലെയും സമീപ പ്രദേശങ്ങളിലെയും വായു ഗുണനിലവാരം സംബന്ധിച്ച് Air Quality മാനേജ്മെന്റ് കമ്മീഷൻ അവലോകന യോഗം ചേർന്നു. നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകൾ, വ്യവസായ മേഖലയിലെ ചട്ട ലംഘനങ്ങൾ തുടങ്ങിയവയിൽ സ്വീകരിച്ച നടപടികൾ യോഗം വിലയിരുത്തി. ഡൽഹിയിലെ വായു മലിനീകരണം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കർശന നിരീക്ഷണവും, പരിശോധനകളും ഉറപ്പാക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

@@@@@@@@@@@@@@@

# HEADLINES-5

**EUROPE-RIOTS**

തൊഴിലില്ലായ്മ, ജീവിതച്ചെലവിലെ വർധന തുടങ്ങിയവ ചൂണ്ടിക്കാട്ടി ബെൽജിയം, ഫ്രാൻസ്, ഇറ്റലി, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളിൽ പ്രതിഷേധം രൂക്ഷം. ലക്ഷക്കണക്കിന് ആളുകൾ തെരുവിലിറങ്ങി പ്രതിഷേധിച്ചതോടെ യൂറോപ്യൻ യൂണിയനിലെ വിവിധ രാജ്യങ്ങളിലെ സർക്കാരുകൾ വലിയ സമ്മർദ്ദത്തിലായിരിക്കുകയാണ്. പൊതുമുതൽ നശിപ്പിക്കുന്ന പ്രക്ഷോഭകർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ വ്യക്തമാക്കി. ജനങ്ങളുടെ ആശങ്കകൾ രാഷ്ട്രീയ നേതാക്കൾ കണ്ടില്ലെന്ന് നടിക്കുന്നതായി പ്രതിഷേധക്കാർ ആരോപിച്ചു.

@@@@@@@@@@@@@@@

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

@@@@@@@@@@@@@@@

# HEADLINES-4

**CM – ALAPPUZHA BRIDGE ( INTRO )**

*ആലപ്പുഴ-കോട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്- നേരേകടവ് പാലം മുഖ്യമന്ത്രി വി ഡി സതീശൻ നാടിനു സമർപ്പിച്ചു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സംസ്ഥാന സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പദ്ധതികൾ വൈകുന്നതാണ് നികുതി പണം ഖജനാവിൽ നിന്നും ചോരാനുള്ള കാരണമെന്നും അദ്ദേഹം വ്യക്തമാക്കി. ചേർത്തല താലൂക്കിനെ വൈക്കം താലൂക്കുമായി ബന്ധിപ്പിക്കുന്ന പാലമാണ് യാഥാർഥ്യമായിരിക്കുന്നത്.*

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....*

*( വോയിസ്.....)*

@@@@@@@@@@@@@@@

**PINARAYI VIJAYAN**

കിഫ്ബി പദ്ധതിയെയും ഭൂമി വാങ്ങിയതിനെയും ന്യായീകരിച്ച് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കണ്ണൂരിൽ സിപിഐഎം വിപുലീകൃത ജില്ലാ കമ്മിറ്റി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ വികസനത്തിൽ കിഫ്ബി പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്നും ഭാവിവികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് എൽഡിഎഫ് സർക്കാർ നടപ്പിലാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

@@@@@@@@@@@@@@@

**WEATHER ALERT**

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഇടിമിന്നലുള്ളപ്പോൾ

തുറസ്സായ ഇടങ്ങളിൽ നിൽക്കരുതെന്ന് കേരളത്തിലെയും ലക്ഷദ്വീപിലെയും ദുരന്ത നിവാരണ അതോറിറ്റികൾ അറിയിച്ചു.

@@@@@@@@@@@@@@@

## SABARIMALA

ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിൽ അടുത്ത ഒരു വർഷത്തെ പുറപ്പെടാമേൽശാന്തിമാരായി അരീക്കര സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരി, എ.ദാമോദരൻ നമ്പൂതിരി എന്നിവരെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. ശബരിമല സ്പെഷ്യൽ കമ്മീഷണർ, ദേവസ്വം കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിലാണ് നറുക്കെടുപ്പ് നടന്നത്.

@@@@@@@@@@@@@@@

## DELHI HALF MARATHON

ഡൽഹി ഹാഫ് മാരത്തണിന്റെ 21-ാം പതിപ്പിൽ വൻ ജനപങ്കാളിത്തം. പുരുഷ വിഭാഗം എലൈറ്റ് മത്സരത്തിൽ കെനിയയുടെ ചാൾസ് മതാറ്റ കോഴ്സ് റെക്കോർഡോടെ ഒന്നാമതെത്തി. വനിതാ വിഭാഗത്തിൽ എത്യോപ്യയുടെ വുദിനേഷ് അലെമു കിരീടം ചൂടി. കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള തുടങ്ങിയവരും മാരത്തണിൽ പങ്കെടുത്തു.

@@@@@@@@@@@@@@@

# HEADLINES-6

## ASIAN PARA GAMES

അഞ്ചാമത് ഏഷ്യൻ പാരാ ഗെയിംസിന് ഇന്ന് ജപ്പാനിലെ ഐച്ചി നഗോയയിൽ തുടക്കമാകും. 18 ഓളം കായിക ഇനങ്ങളിലായി ഈ മാസം 24 വരെയാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇന്ത്യൻ സമയം ഉച്ചക്ക് 2.30 നാണ് ഉദ്ഘാടനം. ചടങ്ങിൽ പാരാ-ബാഡ്മിന്റൺ താരം പ്രമോദ് ഭഗതും സ്പ്രിന്റർ സിമ്രാൻ ശർമ്മയും ഇന്ത്യൻ പതാകയേന്തും. 168 കായികതാരങ്ങളും 113 ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള 281 അംഗ സംഘത്തെയാണ് ഇന്ത്യ അണിനിരത്തിയിരിക്കുന്നത്. 11 കായിക ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

@@@@@@@@@@@@@@@

## WOMENS CRICKET: IND VS ZW

ഇന്ത്യ - സിംബാബ്‌വെ വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. രാത്രി ഏഴ് മണിക്ക് റായ്പൂരിലാണ് മത്സരം.

@@@@@@@@@@@@@@@

## GWALIOR-ACCIDENT

മധ്യപ്രദേശിലെ ഗ്വാളിയോറിൽ ശീതള മാതാ ക്ഷേത്രത്തിന്റെ പുറംമതിലിലേക്ക് ട്രക്ക് ഇടിച്ചുകയറി 12 പേർ മരിച്ചു. 39 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു.

@@@@@@@@@@@@@@@

## FSSAI-TEA PESTICIDES

ശാസ്ത്രീയ ഭക്ഷ്യസുരക്ഷാ നിയന്ത്രണങ്ങളും ഉപഭോക്തൃ സംരക്ഷണവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി തേയിലയിലെ രണ്ട് പ്രധാന കീടനാശിനികളുടെ സാന്നിധ്യത്തിന് പരമാവധി പരിധി നിർദേശിച്ച് ഭക്ഷ്യസുരക്ഷാ അതോറിറ്റി കരട് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു. അസെറ്റാമി പ്രിഡ്, ഇമിഡാ ക്ലോപ്രിഡ് എന്നീ കീടനാശിനികൾക്കാണ് പരിധി നിർദേശിച്ചിരിക്കുന്നത്. ശാസ്ത്രീയ വിലയിരുത്തലുകൾ, അന്താരാഷ്ട്ര മാതൃകകൾ, ഇന്ത്യൻ കാർഷിക മേഖലയുടെ ആവശ്യകതകൾ എന്നിവ പരിഗണിച്ചാണ് ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നടപടി.

@@@@@@@@@@
@@@@@@
@@@@
@@